LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി സംഘടനകളുടെ ഏകോപനം

50 (5728) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസി സംഘടനകളുടെ ഏകോപനത്തിന് നോർക്ക നടപടി സ്വീകരിക്കുമോ ?

ഉത്തരം

പ്രവാസി സംഘടനകളുടെ ഏകോപനത്തിനു വേണ്ടി നോർക്ക വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. നോർക്കയുടെ ഫീൽഡ് ഏജൻസിയായ നോർക്ക - റൂട്ട്സിന്റെ 28-ാമത് ഡയറക്ടർ ബോർഡ്, പ്രവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനകളെ ഏകോപിപ്പിക്കുന്നതിനും അവയുടെ ശൃംഖല രൂപപ്പെടുത്തുന്നതിനുമായി, സുതാര്യവും നീതിയുക്തവുമായ പ്രവർത്തനങ്ങളിലൂടെ മികവു തെളിയിച്ചിട്ടുള്ള പ്രവാസി സംഘടനകളെ കണ്ടെത്തി അവയെ നെറ്റ്വർക്ക് ചെയ്യുന്നതിനു തീരുമാനിച്ചിട്ടുണ്ട്. പ്രവാസി സംഘടനകളുടെ ശൃംഖലാ രൂപികരണത്തിനായി താത്പര്യമുള്ള പ്രവാസി സംഘടനകളെ ക്ഷണിച്ചുകൊണ്ടുള്ള പത്രപ്പരസ്യവും നൽകിയിട്ടുണ്ട്.

വിദേശത്ത് പോകുന്നവർക്ക് ജോലി സാദ്ധ്യത

51 (5729) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് പോകുന്നവർക്ക് ജോലി സാദ്ധ്യത പരിഗണിച്ച് പരിശീലനങ്ങൾ നൽകുന്നത് ഏതെല്ലാം സ്ഥാപനങ്ങളുടെ സഹായത്തോടെയാണെന്നും ഇപ്പോൾ എവിടെയെല്ലാം ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

(ബി) പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥിക്ക് എന്തെല്ലാം സഹായമാണ് നൽകിവരുന്നത് ;

(സി) ഇത്തരത്തിൽ എത്രപേർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട് ; അവരെല്ലാം വിദേശരാജ്യങ്ങളിൽ പോയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) വിദേശത്ത് പോകുന്നവർക്കുവേണ്ടി നോർക്ക-റൂട്ട്സ് മുഖാന്തിരം നിലവിൽ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം 16 ട്രേഡുകളിലായി 22